**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2281 — 06-10-2016 -ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണ വകുപ്പ് മന്ത്രി)** |
| എ) | തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 'തെക്കനംകര കനാൽ' തെളിക്കുന്നതിന്റെ പണികൾ ഏതുവരെയായി എന്നു വ്യക്തമാക്കുമോ; | എ) | കരിമഠം കോളനി മുതൽ പാർവ്വതി പുത്തനാർ വരെയുള്ള തെക്കനംകര കനാലിൽ ചെളി പൂർണ്ണമായും കോരിമാറ്റി, വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. കനാലിന്റെ തുടക്കത്തിൽ 17 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും, ഒരു കലുങ്കും കൂടാതെ കനാലിന്റെ ചെയിൻലിംഗും ഫെൻസിംഗും മാത്രമേ ഇനി പൂർത്തീകരിക്കാനുള്ളൂ. |
| ബി) | കനാലിലുള്ള കൈയ്യേറ്റങ്ങൾ മുഴുവൻ ഒഴിപ്പിച്ചു കഴിഞ്ഞോ; ഇല്ലെങ്കിൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ; | ബി) | കോടതി വ്യവഹാരം നിലവിൽ ഇല്ലാത്ത എല്ലാ കൈയ്യേറ്റങ്ങളും ഒഴിപ്പിച്ചിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ കോടതി ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | സി) | ഉണ്ടായിട്ടുണ്ട്. ഡോ.ബിജു രമേശ് ഫയൽ ചെയ്ത SLP(C)10099/2016 നമ്പർ കേസ്, M/s കരിമ്പനൽ ആർക്കേഡ് ഓണേഴ്സ് വെൽഫെയർ അസോസിയേഷൻ ഫയൽ ചെയ്ത SLP(C) 14699/2016, SLP(C)14700/2016 എന്നീ സുപ്രീംകോടതി കേസുകൾ ടി വിഷയം സംബന്ധിച്ച് നിലവിലുണ്ട്. |
| ഡി) | നഗരവാസികളുടെയും, നഗരത്തിൽ വന്നുപോകുന്ന ആയിരങ്ങളുടെയും സുരക്ഷാപ്രശ്നം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈ പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കുമോ? | ഡി) | പൊതുജനങ്ങളുടെ സുരക്ഷാപ്രശ്നം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, ഈ പണി അടിയന്തിരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ